പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2026 ഒക്ടോബർ 26, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

19 (*151) കെ-സ്മാർട്ട് മുഖേന കെട്ടിട നമ്പർ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) നൽകിയ മറുപടിയിൽ, കെ-സ്മാർട്ട് സോഫ്റ്റ്വെയറിലെ വസ്തുനികുതി മൊഡ്യൂൾ മുഖേന സമർപ്പിക്കുന്ന ഫോം 2 പരിശോധിച്ച് കെട്ടിടത്തിന്റെ വിസ്തൃതി, ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തി കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 'ഫോം 2-ൽ' വിവരങ്ങൾ രേഖപ്പെടുത്തുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് lKM സാങ്കേതിക സഹായം നൽകിവരുന്നുണ്ടെന്നും തദ്ദേശസ്ഥാപനതലത്തിൽതന്നെ തിരുത്തലുകൾ വരുത്തുന്നതിന് 'തിരുത്തൽ മൊഡ്യൂൾ' തയ്യാറാക്കിവരുന്നുണ്ടെന്നും കെ-സ്മാർട്ട് നിലവിൽവരുന്നതിനുമുമ്പ് നമ്പർ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയതിലുണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് LDMS (Legacy Data Management System), സഞ്ചയ സോഫ്റ്റ്വെയർ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. കെട്ടിടം പൊളിച്ചുമാറ്റിയെന്ന് അസസ്സ്മെന്റ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയ കെട്ടിടങ്ങൾക്ക് lKM സോഫ്റ്റ്വെയർ മുഖേന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നമ്പർ നൽകാൻ കഴിയുന്നതരത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാനുള്ള ശ്രമം പുരോഗമിക്കുകയാണെന്നും ഡീലിമിറ്റേഷന്റെ ഭാഗമായി കെട്ടിട നമ്പറുകൾ ക്രമീകരിക്കുമ്പോഴുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിന് കെ-സ്മാർട്ട്

സോഫ്റ്റ്വെയറിൽ സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും ജിയോ ടാഗ് അടിസ്ഥാനമാക്കി കെട്ടിടങ്ങൾക്ക് യുണീക്ക് നമ്പർ നൽകാനുള്ള നടപടി ആരംഭിക്കുന്നതാണെന്നും ബിൽഡിങ് പെർമിറ്റ്, ഒക്യുപെൻസി സർട്ടിഫിക്കറ്റ്, ഫോറം 2, എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സംയോജിപ്പിക്കുന്നതിനായി കെ-സ്മാർട്ട് സോഫ്റ്റ്വെയറിൽ സംവിധാനം ഒരുക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20 (*152) ആഗോള ഹെൽത്ത് ഡെസ്റ്റിനേഷൻ

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടിയിൽ, കേരളത്തെ ആഗോള ആരോഗ്യ ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിന് റീച്ച് കേരള പദ്ധതി ആവിഷ്കരിക്കുന്നതാണെന്നും കാലാവസ്ഥ, മറ്റ് അനുകൂല സാഹചര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. 18 വയസ്സിന് മുകളിലുള്ളവരിൽ രോഗങ്ങൾ തുടക്കത്തിൽതന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി ആയുഷ്, തദ്ദേശസ്വയംഭരണം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ 'ഹൃദയരാഗം' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർവെ, പ്രാഥമിക സ്ക്രീനിങ് എന്നിവയിലൂടെ രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നുണ്ടെന്നും ഡിജിറ്റൽ സംവിധാനത്തിലൂടെ രോഗികളെ നിരീക്ഷിച്ച് തുടർച്ചയായ പരിചരണവും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിന് ബോധവൽക്കരണവും നൽകിവരുന്നുണ്ടെന്നും നിലമ്പൂർ, ഇടുക്കി, വട്ടിയൂർക്കാവ് നിയോജകമണ്ഡലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനും തുടർന്ന് സംസ്ഥാനവ്യാപകമായി വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഫാസ്റ്റ് ഫുഡ് ഉപയോഗംമൂലമുണ്ടാകുന്ന രോഗങ്ങൾ തടയാനുള്ള പ്രവർത്തനങ്ങൾ ഫുഡ് ആൻഡ് സേഫ്റ്റി വകുപ്പിന്റെ സഹകരണത്തോടെ നടത്താവുന്നതാണെന്നും ആധുനിക ചികിത്സാ സൗകര്യങ്ങളും ആയുർവേദ പാരമ്പര്യവും സംയോജിപ്പിച്ച് സംസ്ഥാനത്തെ ആരോഗ്യ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പ്രചാരണ പരിപാടി നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21 (*153) പ്രകൃതി ദുരന്തങ്ങളും പ്രതിരോധവും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ദുരന്ത ലഘൂകരണവും കാലാവസ്ഥാ പ്രതിരോധവും മുഖ്യധാരയിലാക്കുന്നതിന് 'കേരള ഡിസാസ്റ്റർ റെസിലിയൻസ് പ്രോഗ്രാം' (KDRP) പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഉപഗ്രഹാധിഷ്ഠിത വിവരങ്ങൾ, ജി.ഐ.എസ്., റിമോട്ട് സെൻസിങ്, റഡാർ, ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ, പ്രളയ മോഡലിങ് തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾവഴി പ്രളയസാധ്യത മുൻകൂട്ടി വിലയിരുത്തി 'കവചം' (KaWaCHaM), സൈറണുകൾ തുടങ്ങിയ സംവിധാനങ്ങളിലൂടെ മുന്നറിയിപ്പുകൾ യഥാസമയം ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്ര ഏജൻസികളുടെ ദുരന്ത പ്രവചന മുന്നറിയിപ്പുകൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം (SEOC), തദ്ദേശസ്ഥാപനങ്ങൾ എന്നിവ ചേർന്ന് സമയബന്ധിതമായി നൽകിവരുന്നുണ്ട്. ഐ.ഐ.ടി.-കൾ ഉൾപ്പെടെയുള്ള ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുമായി സഹകരിച്ച് മുന്നറിയിപ്പ് സംവിധാനങ്ങൾ നവീകരിക്കൽ, വെതർ സ്റ്റേഷനുകളും റഡാറുകളും സ്ഥാപിക്കൽ, ആശുപത്രി സുരക്ഷാ പദ്ധതി (ഭദ്രം), നദീതടങ്ങളിലെ പ്രളയ-വരൾച്ചാ ലഘൂകരണ പഠനങ്ങൾ, വോളന്റിയർമാർക്കുള്ള വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നുണ്ടെന്നും ജില്ലാതലത്തിൽ ദുരന്തനിവാരണത്തിനായി കേരള ഫ്ലഡ് റെസിലിയൻസ് ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ദുരന്തനിവാരണ പ്രതിരോധ പദ്ധതികൾക്ക് പണം തടസ്സമാകില്ലെന്നും വേലിയേറ്റംമൂലമുള്ള ദുരിതങ്ങൾക്ക് ശാസ്ത്രീയ പരിഹാരം കാണുന്നതിന്റെ ഭാഗമായി റെസിലിയൻസ് പ്രോജക്ട് പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഏഴിക്കരയിൽ നടപ്പാക്കിവരുന്നുണ്ടെന്നും മുതലപ്പൊഴി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ അപകടസാധ്യത മേഖലകൾ കണ്ടെത്തി ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുമെന്നും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ തയ്യാറാക്കി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

22 (*154) സമഗ്ര ആരോഗ്യ മാതൃക

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം, ക്ഷേമം, ദീർഘായുസ്സ് എന്നിവ ഉറപ്പുവരുത്തുന്നതിനായി കേരള ഹോളിസ്റ്റിക് മോഡൽ ഫോർ ഹെൽത്ത് വെൽനസ്സ് & ലോങ്ജിവിറ്റി കർമ്മസേന രൂപീകരിച്ചിട്ടുണ്ടെന്നും രോഗപ്രതിരോധത്തിനായി ആധുനിക വൈദ്യശാസ്ത്രത്തോടൊപ്പം പരമ്പരാഗത ചികിത്സാരീതികൾ സമന്വയിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും സഭയെ അറിയിച്ചു. രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും രോഗസാധ്യതയുള്ളവരെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും 18 വയസ്സിന് മുകളിലുള്ളവരെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി ഹൃദയരാഗം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും ആരോഗ്യപ്രവർത്തകർ നടത്തുന്ന സർവെയിലൂടെയും പ്രാഥമിക സ്ക്രീനിങ്ങിലൂടെയും രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ആരോഗ്യരംഗം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗം നിർദേശിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി റിപ്പോർട്ടിന്മേൽ ആരോഗ്യവകുപ്പിന്റെ പ്രോട്ടോക്കോൾ അനുസരിച്ച് തീരുമാനമെടുക്കുമെന്നും പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ ആരോഗ്യ സർവകലാശാല നൽകുന്ന ആറ് മാസത്തെ പരിശീലനം നേടിയിരിക്കണമെന്ന ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.